LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ : ഇതിലേയ്ക്കായി പ്രധാനമന്ത്രിയെ രണ്ടു തവണ കണ്ടിരുന്നു. അദ്ദേഹത്തിനു കൊടുത്ത മെമ്മോറാണ്ടത്തെ സംബന്ധിച്ചും കൊപ്രാസംഭരണത്തെ സംബന്ധിച്ചും ഒക്കെ പരാമർശിച്ചിരുന്നു. സംസ്ഥാന ഗവൺമെന്റ് ചെയ്യേണ്ടതെല്ലാം ചെയ്തിട്ടുണ്ട്. എന്നാൽ കേന്ദ്രഗവൺമെന്റ് നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

ശ്രീ. ജോർജ് ജെ. മാത്യു : 20,000 ടൺ റബ്ബർ കേന്ദ്രഗവൺമെന്റ് സംഭരിക്കുമെന്ന് പ്രധാനമന്ത്രി ഉറപ്പുനൽകിയിരുന്നു. എന്നാൽ ഇതുവരെയും അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. സംസ്ഥാനഗവൺമെന്റ് 50,000 ടൺ റബ്ബർ സംഭരിച്ച് കയറ്റുമതി ചെയ്യുമെന്നും പറഞ്ഞിരുന്നു. ഇതിൻമേൽ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ശ്രീ. ഇ. കെ. നായനാർ : 20,000 ടൺ കൊപ്ര സംഭരിക്കുമെന്ന് ബി. ജെ.പി. സമ്മേളനത്തിലാണ് പ്രധാനമന്ത്രി പ്രഖ്യാപിച്ചത്. റബ്ബറിനെ കാർഷികോല്പന്ന പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി ലോക വ്യാപാര സംഘടനയുമായി ചർച്ച ചെയ്യുമെന്നും പ്രധാനമന്ത്രി പറഞ്ഞിരുന്നു. എന്നാൽ കേന്ദ്രഗവൺമെന്റ് ഒന്നും ചെയ്തിട്ടില്ല. കേന്ദ്രഗവൺമെന്റ് ചെയ്യേണ്ടത് ആദ്യം ചെയ്യട്ടെ. സംസ്ഥാന ഗവൺമെന്റ് കഴിവിനനുസരിച്ച് ചെയ്യുന്നുണ്ട്.

ശ്രീ. ജോർജ്. ജെ. മാത്യു : റബ്ബർകൃഷി ലാഭകരമല്ലാത്തമേഖലകളിൽ കശുമാവ് കൃഷി നടത്തുന്നതിനുള്ള പുതിയൊരു നയം കൊണ്ടുവന്ന് റബ്ബർകൃഷിക്കുള്ള ആനുകൂല്യങ്ങൾ കശുമാവ് കർഷകർക്കും ലഭ്യമാക്കുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. ഇ. കെ. നായനാർ : ആലോചിക്കേണ്ട വിഷയമാണ്. റബ്ബർ കർഷകർ, കർഷക സംഘടനകൾ തുടങ്ങി ഇതുമായി ബന്ധപ്പെട്ട എല്ലാവരുമായി ചർച്ച ചെയ്തശേഷമേ തീരുമാനം എടുക്കുവാൻ കഴിയുകയുള്ളൂ.

(ചോദ്യോത്തരസമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സംസ്ഥാനത്ത് പ്രകൃതിദുരന്തങ്ങൾ നേരിടാൻ സ്ഥിരം സമിതി

7 (*5) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭൂകമ്പങ്ങൾ പോലുള്ള പ്രകൃതിക്ഷോഭങ്ങൾ നേരിടാൻ ഒരു സ്ഥിരം സമിതി രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഭൂകമ്പ ദുരന്തം വിതച്ച ഗുജറാത്തിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ആളും അർത്ഥവും വേണ്ടത്ര ഉണ്ടായിട്ടും ഫലപ്രദമായി ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്താൻ കഴിയാത്ത സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സംസ്ഥാനത്തെ എല്ലാ രാഷ്ട്രീയ കക്ഷി നേതാക്കളെയും സന്നദ്ധ സംഘടനകളെയും വിദഗ്ദ്ധരെയും ഉൾപ്പെടുത്തി ഇത്തരം പ്രകൃതി ദുരന്തങ്ങൾ നേരിടാൻ സ്ഥിരം സമിതിക്ക് രൂപം നൽകാമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) സംസ്ഥാനത്ത് പ്രകൃതിക്ഷോഭങ്ങൾ നേരിടുന്നതിനായി ഏകദേശം 280 പേർ അടങ്ങുന്ന ഒരു മൾട്ടി ഡിസിപ്ലിനറി കോർഗ്രൂപ്പ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഇതു സംബന്ധിച്ച പത്ര വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പ്രകൃതിക്ഷോഭങ്ങളെ നേരിടുവാൻ ഭാവി പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനായി എം.പി.മാർ, എം.എൽ.എ.മാർ, ജില്ല-ബ്ലോക്ക്-പഞ്ചായത്ത് പ്രസിഡന്റുമാർ, മുനിസിപ്പൽ ചെയർമാൻമാർ എന്നിവരും പോലീസ്, ഫയർഫോഴ്സ്, വാർത്താവിനിമയം, പൊതുമരാമത്ത്, ജലസേചനം, കൃഷി, ആരോഗ്യം, ഗതാഗതം എന്നീ വകുപ്പ് ഉദ്യോഗസ്ഥന്മാരുമായും സന്നദ്ധ സംഘടനകളുമായും ജില്ലാതലത്തിൽ ചർച്ച നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ എല്ലാ ജില്ലാകളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

സംസ്ഥാനത്തിന്റെ നടപ്പു വർഷത്തെ മൊത്തം പദ്ധതി അടങ്കൽ

8 (*7) ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. എം. മാണി :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയും കൂടി ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്തിന്റെ നടപ്പുവർഷത്തെ മൊത്തം പദ്ധതി അടങ്കൽ എന്തു തുകയാണെന്ന് അറിയിക്കാമോ ;

(ബി) ഇതിൽ ലഭ്യമായ ഏറ്റവും ഒടുവിലത്തെ വിവരമനുസിച്ച് എന്തു തുക ചെലവഴിച്ചുവെന്നും ഇത് മൊത്തം പദ്ധതി അടങ്കലിന്റെ എത്ര ശതമാനമാണെന്നും വ്യക്തമാക്കാമോ ;

(സി) നടപ്പു സാമ്പത്തിക വർഷം എത്ര തുകയ്ക്കുള്ള പദ്ധതിയാണ് ലക്ഷ്യമിട്ടിട്ടുള്ളത് ;

(ഡി) ഇതിൽ ലഭ്യമായ ഏറ്റവും ഒടുവിലത്തെ വിവരമനുസരിച്ച് എന്തു തുക ചെലവഴിച്ചുവെന്നും ഇത് ലക്ഷ്യമിട്ട തുകയുടെ എത്ര ശതമാനം വരുമെന്നും അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly